ശ്രീ. ജോസഫ് മുണ്ടശ്ശേരി: ചന്ദ്രോത്സവം തുടങ്ങിയ മലയാള സാഹിത്യത്തിലുള്ള കൃതികളും സ്കൂളുകളിലും, ലൈബ്രറികളിലും സൂക്ഷിക്കണമെന്നറിഞ്ഞിട്ടുള്ള വസ്തുതയെ പരിഗണിച്ചാണ് ഈ പുസ്തകങ്ങളെ സെലക്ഷൻ ചെയ്തിട്ടുള്ളത്. ഏതെങ്കിലും പുസ്തകങ്ങൾ ഇതിൽ കൊള്ളരുതാത്തവയാണെന്നു മനസ്സിലാക്കിയാൽ അതുപേക്ഷിക്കുവാൻ പറയാം.

ശ്രീ. എം. നാരായണക്കുറുപ്പ്: ഏതോ ഒരു കാലത്തു് അങ്ങനെ ഉദ്ദേശിച്ചു പുസ്തകങ്ങൾ തിരഞ്ഞെടുത്തു എന്നുവച്ചിട്ടു് പിന്നീടു് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ അതുമാതിരിതന്നെ തിരഞ്ഞെടുക്കണമെന്നുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ന്യായമായിട്ടു് പ്രസാധകന്മാരിൽ നിന്നും എടുത്തിട്ടുള്ള പുസ്തകങ്ങളിൽ വല്ലതും കൊള്ളരുതാത്തതായിട്ടുണ്ടെങ്കിൽ അതു മൂണ്ടിക്കാണിച്ചാൽ തിരുത്താം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇതു് ഡയറക്ടർ വായിച്ചു നോക്കാറില്ലേ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അയ്യായിരം, ആറായിരം പുസ്തകങ്ങൾ ഡയറക്ടർ വായിച്ചുനോക്കുക എന്നുള്ളതു് പ്രയാസമായ കാര്യമാണു്. പരസ്യത്തേയും നിരൂപണങ്ങളേയും പരിഗണിച്ചേ ഈ പുസ്തകങ്ങൾ സെലക്ഷൻ ചെയ്യുകയുള്ളൂ.

WRITTEN ANSWERS.

ഫിഷറീസ് സൊസൈറ്റിയുടെ നിയമം.

* 1319. [42] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സൊസൈറ്റിയുടെ നിയമാവലി പ്രകാരം സൊസൈറ്റികൾക്കു് പ്രവർത്തനപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഒരേ പരിധിക്കുള്ളിൽ ഒന്നിലധികം സൊസൈറ്റി രജിസ്റ്റർ ചെയ്യാൻ പാടില്ലെന്നു് നിയമമുണ്ടോ;

(സി) സൊസൈറ്റി നിലവിലുള്ള സ്ഥലത്തു് മറ്റു മീൻപിടുത്തക്കാർക്കു് ലൈസൻസു് അനുവദിക്കുമോ;

(ഡി) ധർമ്മടം സൊസൈറ്റിക്കു് ലൈസൻസു കൊടുക്കാതെ നിഷേധിച്ചിട്ടുണ്ടോ;

(ഇ) കാരണമെന്തു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ടു്.

(ബി) ഏതാനും വ്യവസ്ഥകൾക്കു വിധേയമായി ചില പ്രത്യേക പരിതസ്ഥിതികളിൽ ഒരു സ്ഥലത്തു് ഒന്നിലധികം സൊസൈറ്റി രജിസ്റ്റർ ചെയ്യാമെന്നു് നിയമമുണ്ടെങ്കിലും സാധാരണയായി ഒരേ പരിധിയിൽ ഒരേ ഉദ്ദേശത്തിൽ ഒന്നിലധികം സൊസൈറ്റികൾ രജിസ്റ്റർ ചെയ്യാറില്ല.

(സി) സൊസൈറ്റികൾക്കു് മുൻഗണന നൽകുന്നതാണു്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly